(സി) ബസ് സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം ബസ് ഉടമയ്ക്കുണ്ട്. അപേക്ഷയിൽ ഉൾപ്പെടാത്ത റൂട്ടുകളിൽ നിർബന്ധപൂർവ്വം പെർമിറ്റ് നൽകാനാവില്ല. ബസ് സർവ്വീസ് നിലവിലില്ലാത്ത പ്രദേശങ്ങളിൽ പെർമിറ്റ് അപേക്ഷ ലഭിച്ചാൽ ചോദ്യം (എ) യുടെ മറുപടിയിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് നൽകുന്നതിന് നിയന്ത്രണമൊന്നുമില്ല.

ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ നൽകുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത

261 (4050) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ബാഡ്ജ് നൽകുന്നതിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) 10-ാം ക്ളാസുവരെ പഠിച്ചവർക്കു മാത്രമേ അടുത്ത കാലത്തായി ബാഡ്ജ് നൽകുന്നുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ബാഡ്ജ് നൽകുന്നതിന് മോട്ടോർ വാഹന നിയമത്തിൽ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ഇ) വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചതുമൂലം ആയിരക്കണക്കിന് യുവാക്കൾക്ക് തൊഴിലവസരം നഷ്ടപ്പെടുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല.

(ബി) നിശ്ചയിച്ചിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നേടിയെടുക്കുന്നതിനുള്ള (അതായത് ബാഡ്ജ് ലഭിക്കുന്നതിനുള്ള) ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8-ാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം എന്നുള്ളതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 ന്മേൽ 10-4-2007-ൽ വരുത്തിയ അമെൻമെന്റ് പ്രകാരം ബാഡ്ജ് ലഭിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത 8-ാം ക്ലാസ്സ് പാസ്സായിരിക്കണം എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 27 (ജി) വകുപ്പ് പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത തീരുമാനിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്.

ആർ. ടി. ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുവാൻ നടപടി

261 (4051) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ആർ. ടി. ഓഫീസുകൾ ഓൺലൈൻ ആയാണോ പ്രവർത്തിക്കുന്നത് വിശദാംശം ലഭ്യമാക്കാമോ ;

(സി) മോട്ടോർ വാഹന വകുപ്പിന്റെ ഫോറങ്ങൾ മലയാളത്തിൽ പ്രിന്റ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ആർ. ടി. ഓഫീസുകളിലെ ഏജന്റുമാരെ ഒഴിവാക്കി ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കമ്പ്യൂട്ടർവത്ക്കരണം, ഓൺലൈൻ അപേക്ഷ, ഫാസ്റ്റ്ട്രാക്ക് കൗണ്ടർ, എസ്. എം. എസ്. സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അതെ. സംസ്ഥാനത്തെ എല്ലാ ആഫീസുകളും KSWAN ശൃംഖല വഴി പരസ്പരം ബന്ധപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ആഫീസുകൾ തമ്മിൽ വിവരങ്ങൾ കൈമാറാൻ സാധിക്കും. വകുപ്പിന്റെ വെബ്സൈറ്റായ www.keralamvd.gov.in-ൽ കൂടെ ചില സേവനങ്ങൾ ഓൺലൈനായി അപേക്ഷിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

(സി) തത്ക്കാലം പരിഗണനയിലില്ല.

(ഡി) പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെ ഫീസും വാഹന നികുതിയും വകുപ്പിന്റെ വെബ്സൈറ്റ് വഴി അടയ്ക്കുവാനായി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കമ്പ്യൂട്ടർവൽക്കൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ചില സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ കമ്പ്യൂട്ടർവൽക്കൃത വാഹന പരിശോധന കേന്ദ്രം വീതം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് ആട്ടോമേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പിൽവരുത്തി. സ്പീഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly